## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3676
## 23.08.2017- ലെ മറുപടിക്ക്

## നോട്ട് നിരോധനവും ജി.എസ്.ടി സമ്പ്രദായവും സംസ്ഥാനത്തിന്റെ വരുമാനത്തിൽ വരുത്തിയ മാറ്റങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ.ശശി എം.എൽ.എ | | ഡോ.ടി.എം.തോമസ് ഐസക് ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച 2016 നവംബർ 8 -ന് ശേഷം, സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി/നികുതിയേതര വരുമാന ഇനത്തിൽ പ്രതീക്ഷിച്ച തുക, ലഭിച്ച തുക, പ്രതീക്ഷിച്ചതിലെ കുറവ്/കൂടുതൽ എന്നിവ എത്രയെന്ന് വ്യക്തമാക്കമോ; വിശദാംശം ലഭ്യമാക്കമോ; | 2016-17 സാമ്പത്തിക വർഷം നികുതി-നികുതിയേതര വരുമാനത്തിൽ യഥാക്രമം 47613.61 കോടിയും 11359.52 കോടിയുമാണ് പ്രതീക്ഷിച്ചത്. കറൻസി പിൻവലിച്ച ശേഷം 2016 17 സാമ്പത്തിക വർഷം ഫെബ്രുവരി 28 വരെ നികുതിയിനത്തിൽ 37225.30 കോടി രൂപയും നികുതിയിതരഇനത്തിൽ 6379.07 കോടി രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മാർച്ച് മാസത്തെ വരുമാനം സംബന്ധിച്ച കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ പ്രതീക്ഷിച്ചതിലെ കുറവ് / കൂടുതൽ എത്രയെന്ന് കണ്ടെത്താനാകില്ല. 2016-17 സാമ്പത്തിക വർഷം ഫെബ്രുവരി 28 വരെ നികുതിയിനത്തിൽ ആകെ പ്രതീക്ഷിച്ചതിന്റെ 78.18 ശതമാനവും, നികുതിയിതര ഇനത്തിൽ ആകെ പ്രതീക്ഷിച്ചതിന്റെ 56.16 ശതമാനവും മാത്രമാണ് വരുമാനമായി ലഭിച്ചിരിക്കുന്നത്. |
| (ബി) | കേന്ദ്രസർക്കാർ ജി.എസ്.ടി സമ്പ്രദായം പ്രഖ്യാപിച്ച ശേഷം നാളിതുവരെ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി/നികുതിയേതരയിനത്തിൽ പ്രതീക്ഷിച്ച വരുമാനം, ലഭിച്ച വരുമാനം എന്നിവ എത്രയെന്നറിയിക്കാമോ; ഭാവിയിൽ ഇത് സംസ്ഥാനത്തിനുണ്ടാക്കുന്ന | 01.07.2017 മുതൽ ചരക്ക് സേവന നികുതി നടപ്പിലാക്കിയെങ്കിലും 2017 ജൂലായ് മാസത്തെ റിട്ടേൺ സമർപ്പിക്കുന്നതിന് ആഗസ്റ്റ് 20 വരെ സമയം അനുവദിച്ചിട്ടുണ്ട്. കണക്കുകൾ പൂർണ്ണമായും ലഭിച്ച് അക്കൗണ്ടന്റ് ജനറൽ പരിശോധനാ വിധേയമാക്കി കണക്കുകൾ പുറപ്പെടുവിച്ചാൽ മാത്രമേ വരുമാനം |

| | | |
|---|---|---|
| | ഗുണങ്ങൾ/ദോഷങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (സി) | കറൻസി പിൻവലിക്കലിലൂടെ സംസ്ഥാനത്തിന്റെ നികുതി/നികുതിയേതര വരുമാനത്തിൽ നഷ്ടം വന്നിട്ടുണ്ടോ; ഉണ്ട് എങ്കിൽ എത്ര എന്നും ഇതു പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ; | കറൻസി പിൻവലിച്ചതിന് ശേഷം 2017 ഫെബ്രുവരി മാസം വരെ നികുതിയിനത്തിൽ 37225.30 കോടിരൂപയും നികുതിയിതര ഇനത്തിൽ 6379.07 കോടി രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്. ഇത് 2016-17 സാമ്പത്തിക വർഷം ആകെ പ്രതീക്ഷിച്ച വരുമാനത്തിന്റെ യഥാക്രമം 78.18 ശതമാനവും 56.16 ശതമാനവും ആണ്. കറൻസി പിൻവലിച്ചത് മൂലം പ്രതീക്ഷിത വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. നോട്ട് അസാധുവാക്കലിനെ തുടർന്നുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.<br>**<u>ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ</u>**<br>1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.<br>2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി അക്കൗണ്ട് തുറന്ന് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.<br>3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം |

| | | |
|---|---|---|
| | | അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.<br>**<u>ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ</u>**<br>1. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. നോട്ടു നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി) 12000/- കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു.<br>4. സംസ്ഥാനം ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.<br>5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000 ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി |

| | | |
|---|---|---|
| | | ആലോചനയിലാണ്.<br>6. കോർ-ബാങ്കിംഗ് നെറ്റ് വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരും വർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോൽസാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നത് ഉടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്. |
| (ഡി) | കേന്ദ്ര സർക്കാർ ജി.എസ്.ടി. പ്രഖ്യാപിച്ചതോടെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ റയിൽവേ (പാർക്കിങ്ഫീസ് ഉൾപ്പെടെ) ഉൾപ്പെടെ ഇതര സ്ഥാപനങ്ങൾ സംസ്ഥാനത്തു നിന്നും പിരിച്ചെടുക്കുന്ന അധിക നികുതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | ജി.എസ്.ടി നടപ്പാക്കിയതിന് ശേഷമുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ഇ) | നോട്ട് പിൻവലിക്കലിലൂടെ സംസ്ഥാനത്തിനുണ്ടായ വരുമാനക്കുറവുകൾ ഉൾപ്പെട്ട നഷ്ടവും ജി.എസ്.ടി നടപ്പാക്കുക വഴി റയിൽവേ തുടങ്ങി കേന്ദ്ര സ്ഥാപനങ്ങൾ നടത്തുന്ന അധിക നികുതി ഈടാക്കലും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അധികനികുതി പിരിവ് ഒഴിവാക്കാനും, സംസ്ഥാന സർക്കാരിനുണ്ടായ വരുമാന നഷ്ടത്തിന് സഹായം ആവശ്യപ്പെടുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | ജി.എസ്.ടി നടപ്പാക്കിയതിന് ശേഷമുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ കൃത്യമായ വരുമാന നഷ്ടം കണക്കാക്കാനും ആയത് കേന്ദ്ര സർക്കാരിൽ നിന്ന് ആവശ്യപ്പെടാനും കഴിയുകയുള്ളൂ. |

**അക്കൗണ്ട്സ് ഓഫീസർ**